# ഐ.എൻ.റ്റി.യു.സി. സംസ്ഥാന കമ്മിറ്റി
# കെ. കരുണാകരൻ സ്മാരക മന്ദിരം
# തിരുവനന്തപുരം

## ഐക്യ ജനാധിപത്യ മുന്നണി
## സ്ഥാനാർത്ഥികളെ വിജയിപ്പിക്കുക



**ആർ. ചന്ദ്രശേഖരൻ**
**INTUC സംസ്ഥാന പ്രസിഡന്റ്**

**സുഹൃത്തുക്കളെ,**

143 കോടി ജനങ്ങൾ ഉള്ള രാജ്യം. ജനസംഖ്യയിലും, ജനസാന്ദ്രതയിലും ലോകത്തെ ഒന്നാമത്തെ രാജ്യം. 1951 മുതൽ ആരംഭിച്ച ജനാധിപത്യ ഭരണക്രമം. 18-ാം ലോകസഭാ തിരഞ്ഞെടുപ്പിലേയ്ക്ക് രാജ്യം കടക്കുന്നു. ഇൻഡ്യയോടൊപ്പമോ അതിന് പിന്നാലയോ സ്വാതന്ത്ര്യം ലഭിച്ച പല രാജ്യങ്ങളും ഏകാധിപത്യ, പട്ടാള, ഭീകര കലാപ ഭരണങ്ങളിലേയ്ക്ക് മാറിയത് കാണുമ്പോഴാണ് ഇൻഡ്യൻ ജനാധിപത്യത്തിന്റെ ശക്തി നമ്മൾ തിരിച്ചറിയുന്നത്. പണ്ഡിറ്റ് ജവഹർലാൽ നെഹ്‌റു, ഡോ. രാജേന്ദ്രപ്രസാദ്, ഡോ. ബി.ആർ. അംബേദ്കർ, സർദ്ദാർ വല്ലഭഭായ് പട്ടേൽ, മൗലാന അബ്ദുൾ കലാം ആസാദ് തുടങ്ങി പ്രഗത്ഭരായ ദേശീയ നേതാക്കൾ എല്ലാ പഴുതുകളും അടച്ച് രൂപപ്പെടുത്തി രാജ്യത്തിന് സമർപ്പിച്ച ഭരണഘടനയുടെ ശക്തിയിലാണ് ഇന്നും ഈ ജനാധിപത്യം നിലനിൽക്കുന്നത്.

2024 ഏപ്രിൽ 19 മുതൽ ജൂൺ 1 വരെ 7 ഘട്ടങ്ങളിലായി നടക്കുന്ന ഈ തിരഞ്ഞെടുപ്പിൽ 543 ലോകസഭാംഗങ്ങളെ തിരഞ്ഞെടുക്കുവാൻ 96 കോടി വോട്ടർമാർ തങ്ങളുടെ സമ്മതിദാന അവകാശം വിനിയോഗിക്കുന്നു. 7 ദേശീയ പാർട്ടികളും, 57 സംസ്ഥാന പാർട്ടികളും, 70 ൽ പരം അംഗീകാരമില്ലാത്ത പാർട്ടികളും ഉൾപ്പെടെ 134 രാഷ്ട്രീയ പാർട്ടികൾ ഇന്ന് മത്സരരംഗത്തുണ്ട്. ഇവർ പല കൂട്ടുകെട്ടും, മുന്നണികളും രൂപീകരിച്ചും ഒറ്റയ്ക്കും മത്സരിക്കുന്നു.

നിലവിലെ 96 കോടി വോട്ടർമാരിൽ 64 കോടിയും സംഘടിത അസംഘടിത മേഖലകളിലായി ഏതെങ്കിലും രീതിയിൽ പണിയെടുത്ത് ജീവിക്കുന്ന തൊഴിലാളികളാണ്. ഈ തൊഴിലാളികളുടെ അദ്ധ്വാനമാണ് 274 ലക്ഷം കോടി വരുന്ന രാജ്യത്തിന്റെ ആഭ്യന്തര ഉല്പാദനവും സാമ്പത്തിക ശക്തിയും. ഈ തിരിച്ചറിവിൽ തൊഴിലാളികളുടെയും സാധാരണക്കാരുടെയും മനസ്സ് അറിഞ്ഞ് അവരുടെ ജീവിതസ്പർശിയായ ജനാധിപത്യ സോഷ്യലിസ്റ്റ് ഭരണക്രമമാണ് സ്വാതന്ത്ര്യം ലഭിച്ച നാൾമുതൽ രാജ്യം തുടർന്നുവന്നത്. തൊഴിലാളികൾക്കിടയിൽ ജാതി, മത, വർഗ്ഗീയ, വർണ്ണ വേർതിരിവില്ല. കൈക്കൂലിയും, അഴിമതിയും ഇല്ലാത്തവർ തൊഴിലാളികളാണ്. തൊഴിലാളികൾക്ക് ഈശ്വര വിശ്വാസമുണ്ട്. എന്നാൽ അന്ധമായ വിദ്വേഷ മതവിശ്വാസം ഇല്ല.

ഈ വസ്തുതകൾ തിരിച്ചറിഞ്ഞ് സ്വതന്ത്ര ഇൻഡ്യയിൽ 1947 മുതൽ തൊഴിലാളി ജീവിതതാല്പര്യങ്ങൾക്ക് പ്രാധാന്യം നൽകി നിരവധി നിയമങ്ങൾ രാജ്യം നടപ്പിലാക്കി. 1947 ലെ

തൊഴിൽതർക്ക പരിഹാര നിയമം, 1948 ലെ ഫാക്ടറി നിയമം, 1948 ലെ മിനിമം വേതന നിയമം, 1948 ലെ ഇ.എസ്.ഐ നിയമം, 1951 ലെ പ്ലാന്റേഷൻ തൊഴിലാളി നിയമം, 1952 ലെ പ്രൊവിഡന്റ് ഫണ്ട് നിയമം, 1961 ലെ പ്രസവാനുകൂല്യ നിയമം, 1965 ലെ ബോണസ്സ് നിയമം, 1970 ലെ കരാർതൊഴിലാളി നിരോധന നിയമം, 1972 ലെ ഗ്രാറ്റുവിറ്റി നിയമം, 1976 ലെ തുല്ല്യ ജോലിക്ക് തുല്ല്യ വേതനനിയമം, 1979 ലെ അന്തർ സംസ്ഥാന തൊഴിലാളി സംരക്ഷണ നിയമം, 2005 ലെ മഹാത്മഗാന്ധി തൊഴിലുറപ്പ് തൊഴിലാളി നിയമം, 2008 ലെ അസംഘടിത തൊഴിലാളി നിയമം, വേതന വിതരണ നിയമം, അവധിദിന നിയമം, വർക്ക്മെൻ കോമ്പൻസേഷൻ നിയമം ഉൾപ്പെടെ നിരവധി തൊഴിലാളി സംരക്ഷണ നിയമങ്ങൾ രാജ്യത്ത് പ്രാബല്യത്തിലായി.

1947 ലെ സ്വതന്ത്ര ഇൻഡ്യയിൽ ചില കോട്ടൺ തുണിമില്ലുകളും, ചണമില്ലുകളും, നാമമാത്ര ഇരുമ്പ് ഉരുക്ക് വ്യവസായങ്ങളും, ചില പഞ്ചസാര ഉല്പാദന സ്ഥാപനങ്ങളും, വളരെ കുറച്ച് സിമന്റ് കമ്പനികളും മാത്രമായിരുന്നു വ്യവസായരംഗത്ത് ഇൻഡ്യയുടെ പൊതുസ്ഥിതി.

കഴിക്കാൻ ആഹാരവും കുടിക്കാൻ വെള്ളവും, കിടക്കാൻ വീടുകളും, ചികിത്സിക്കാൻ ആശുപത്രികളും, പഠിക്കാൻ സ്കൂളുകളും, സഞ്ചാരത്തിന് റോഡുകളും, യാത്രയ്ക്ക് വാഹനങ്ങളും, വെളിച്ചത്തിന് വൈദ്യുതിയും, വളരെ പരിമിതവും ശോചനീയവുമായിരുന്നു. ഇതിന് പുറമെ നരബലിയും, സ്ത്രീശിശു ബലിഹത്യകളും, സതിസമ്പ്രദായവും ഉൾപ്പെടെ ദുരാചാരങ്ങളുടെ വിളനിലമായിരുന്നു ഇൻഡ്യ. 171 കോടിയുടെ വരവും, 197 കോടിയുടെ ചിലവും മാത്രം ഉൾക്കൊള്ളുന്ന ബഡ്ജറ്റ് അവതരിപ്പിക്കുവാനുള്ള ശേഷി മാത്രമേ 1947 ൽ രാജ്യത്തിനുണ്ടായിരുന്നുള്ളൂ. ഇന്ന് 47 ലക്ഷം കോടിയുടെ ബഡ്ജറ്റ് രാജ്യം അവതരിപ്പിക്കുന്നു എങ്കിൽ അതിന് അടിത്തറയിട്ടത് കോൺഗ്രസ്സിന്റെ കഴിഞ്ഞകാല ഭരണപ്രവർത്തനങ്ങൾ മൂലമാണ്.

തൊഴിൽ ലഭ്യമാകുന്നതിനും, വേതനം ക്രമവൽക്കരിച്ച് നൽകുന്നതിനും, സ്വത്ത് സമ്പാദിക്കുന്നതിനും, ഇറക്കുമതിക്കും കയറ്റുമതിക്കും, വ്യവസായങ്ങളുടെ നടത്തിപ്പിനും, ബാങ്കുകളുടെ പ്രവർത്തനങ്ങളിലും, പൊതുവായ വികസനത്തിലും വ്യക്തമായ നയങ്ങളും നിയന്ത്രണങ്ങളും രാജ്യത്ത് ഉണ്ടായിരുന്നു. ഈ നയങ്ങളുടെ പിൻബലത്തിൽ രൂപീകരിക്കപ്പെട്ട പഞ്ചവത്സര പദ്ധതികളും, പ്ലാനിംഗ് കമ്മീഷനും, റിസർവ്വ് ബാങ്കും, പൊതുമേഖലാ സ്ഥാപനങ്ങളും, പൊതുമേഖലാ വ്യവസായ ശാലകളും ഒന്നായി പ്രവർത്തിച്ച് രാജ്യത്തെ പുരോഗതിയിലേയ്ക്ക് നയിച്ചു. ഈ രീതിയിൽ 10 മഹാരത്ന, 14 നവരത്ന, 78 മിനിരത്ന കമ്പനികളും ഉൾപ്പെടെ 292 കേന്ദ്ര പൊതുമേഖലകൾ രാജ്യത്ത് പ്രവർത്തനസജ്ജമായി.

ഹരിതവിപ്ലവത്തിലൂടെ ഭക്ഷ്യധാന്യങ്ങളും, വൈറ്റ് റെവല്യൂഷനിലൂടെ പാൽ ഉൽപ്പന്നങ്ങളും, റൗണ്ട് വിപ്ലവത്തിലൂടെ ഉരുളക്കിഴങ്ങും, ഗ്രെ വിപ്ലവത്തിലൂടെ തടി ഉൽപ്പന്നങ്ങളും, പിങ്ക് വിപ്ലവത്തിലൂടെ സവോളയും, ബ്ലൂ വിപ്ലവത്തിലൂടെ മത്സ്യവും, റെഡ് വിപ്ലവത്തിലൂടെ മാംസവും, യെല്ലോ വിപ്ലവത്തിലൂടെ സസ്യ എണ്ണ ഉല്പാദനവും, ബ്രൗൺ വിപ്ലവത്തിലൂടെ തുകൽ ഉൽപാദനവും, ഗോൾഡൻ ഫൈബർ വിപ്ലവത്തിലൂടെ ചണ ഉൽപ്പന്നങ്ങളും, ഗോൾഡൻ വിപ്ലവത്തിലൂടെ പഴവർഗ്ഗ ഉല്പന്നങ്ങളും, സിൽവർ വിപ്ലവത്തിലൂടെ മുട്ട, കോഴി ഉല്പാദനവും, സിൽവർ ഫൈബർ വിപ്ലവത്തിലൂടെ കോട്ടൺ ഉല്പന്നങ്ങളും, ബ്ലാക്ക് വിപ്ലവത്തിലൂടെ പെട്രോളിയം ഉല്പന്നങ്ങളും, ഉല്പാദിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ച് സമഗ്രവികസനത്തിലും പലരംഗത്ത് സ്വയം പര്യാപ്തതയിലും രാജ്യം എത്തി.

എന്നാൽ 1978 ൽ കമ്മ്യൂണിസ്റ്റ് ചൈനയും, 1985 ൽ കമ്മ്യൂണിസ്റ്റ് സോവിയറ്റ് യൂണിയനും ആഗോള ഉദാര സ്വകാര്യവൽക്കരണ നവലിബറൽ നയത്തിന്റെ നീരാളിപിടുത്തത്തിലായപ്പോൾ ലോക സാമ്പത്തിക ക്രമത്തിൽ പിടിച്ചുനിൽക്കാൻ 1991 ൽ ഇൻഡ്യയും ഈ പാത സ്വീകരിക്കാൻ നിർബന്ധിതരായി. ചുരുക്കത്തിൽ മുതലാളിവർഗ്ഗ സർവ്വാധിപത്യവും (ക്യാപ്പിറ്റലിസം), തൊഴിലാളിവർഗ്ഗ സർവ്വാധിപത്യവും (കമ്മ്യൂണിസ്റ്റ് സോഷ്യലിസം), ജനാധിപത്യ സർവ്വാധിപത്യവും (ഫാബിയൻ സോഷ്യലിസം) നിലനിന്നിരുന്ന ലോകസാമ്പത്തിക നയങ്ങൾ ഏക മുതലാളിവർഗ്ഗ സർവ്വാധിപത്യത്തിന് കീഴിലായി.

ഈ നയത്തിന് കീഴിൽ രാജ്യത്തെ സർവ്വതും വേൾഡ് ബാങ്കിനും, IMF നും, അമേരിക്കയ്ക്കും കാഴ്ചവച്ച ഒരു ഭരണമാണ് 2014 മുതൽ കഴിഞ്ഞ 10 വർഷക്കാലം രാജ്യം അനുഭവിക്കുന്നത്. അധികാരത്തിലെത്താൻ ജീവിതസ്പർശിയായ മധുരമോഹനസുന്ദര വാഗ്ദാനങ്ങൾ BJP യും സംഘപരിവാറും 2014 ലെ തിരഞ്ഞെടുപ്പിൽ ജനങ്ങൾക്ക് മുമ്പിൽ വാരിവിതറി.

തൊഴിലാളികളുടെ ജീവിതസൗകര്യം വർദ്ധിപ്പിക്കും, ജീവിക്കാനാവശ്യമായ വേതനം നടപ്പിലാക്കും, സമസ്ത മേഖലകളിലെ തൊഴിലാളികൾക്കും സംഘടിത – അസംഘടിത വ്യത്യാസമില്ലാതെ ESI, EPF, ബോണസ്സ് ആനുകൂല്യങ്ങൾ പൂർണ്ണരീതിയിൽ ലഭ്യമാക്കും, വാർദ്ധക്യകാലത്ത് ജീവിക്കാനാവശ്യമായ പെൻഷൻ നൽകും, ഒരുവർഷം 2 കോടി തൊഴിലവസരം സൃഷ്ടിക്കും, പൊതുമേഖലകളെ സംരക്ഷിക്കും, വിലക്കയറ്റം തടയും, പാചകവാതകം 250 രൂപയ്ക്ക് ലഭ്യമാക്കും, പെട്രോൾ ഡീസൽ വില ലിറ്ററിന് 55 രൂപയാക്കും, അഴിമതി നിർമ്മാർജ്ജനം ചെയ്യും, സമ്പന്നന്മാർ വിദേശത്ത് നിക്ഷേപിച്ചിരിക്കുന്നതും ഇവിടെ കള്ളപ്പണമായി സൂക്ഷിച്ചിരിക്കുന്നതും പിടിച്ചെടുത്ത് 15 ലക്ഷം രൂപ വീതം സാധാരണക്കാരുടെ അക്കൗണ്ടിൽ നിക്ഷേപിക്കും, കള്ളപ്പണക്കാരെ തുറങ്കലിലടക്കും, ആരോഗ്യ-വിദ്യാഭ്യാസ മേഖല സാർവ്വത്രികമായി ശക്തിപ്പെടുത്തും, കർഷകരുടെ വരുമാനം ഇരട്ടിയാക്കും തുടങ്ങി ആര് കേട്ടാലും രോമാഞ്ചമുണ്ടാകുന്ന വാഗ്ദാനങ്ങളാണ് അവർ ജനങ്ങൾക്ക് മുമ്പിൽ വച്ചത്. ഇതിനെല്ലാം മേമ്പൊടിയായി ജാതി-മത-വിശ്വാസ ആചാരങ്ങളും തന്ത്രപൂർവ്വം പ്രചരണായുധമാക്കി. ഇതിന്റെ ഫലമായി 84 കോടി വോട്ടർമാരിൽ 17 കോടി വോട്ട് നേടി 282 സീറ്റിൽ വിജയിച്ച് 2014 ൽ BJP അധികാരത്തിൽ വന്നു.

വീണ്ടും ഹിന്ദു – മുസ്ലീം മതവികാരം ആളിക്കത്തിച്ചും, ഭൂരിപക്ഷ ന്യൂനപക്ഷ ചിന്തകൾ ഉണർത്തിയും, വിശ്വാസ-ആചാരങ്ങൾ ഉയർത്തിക്കാട്ടിയും, ദേശീയ-അന്തർദേശീയ കോർപ്പറേറ്റുകളുടെ പിന്തുണ ആർജ്ജിച്ചും, പത്ര ദൃശ്യ മാദ്ധ്യമങ്ങളെ വരുതിയിലാക്കിയും, നവസാമൂഹ്യമാദ്ധ്യമങ്ങളെ വ്യാജപ്രചരണങ്ങൾക്കായി ഉപയോഗിച്ചും 91 കോടി വോട്ടർമാരിൽ 23 കോടി വോട്ടിന്റെ ബലത്തിൽ ഇതേ ശക്തികൾ 303 സീറ്റ് നേടി 2019 ൽ വീണ്ടും അധികാരത്തിൽവന്നു. ഇങ്ങനെ 2014 ലും, 2019 ലും ജയിച്ച ഇവർ കഴിഞ്ഞ 10 വർഷമായി രാജ്യം ഭരിക്കുന്നു.

## 10 വർഷമായി തൊഴിലാളികളും – ജനങ്ങളും അനുഭവിച്ച ദുരിതങ്ങൾ ഏറെയാണ് – അസഹനീയമാണ്

- 2013 ൽ രാജ്യത്തിന്റെ പൊതുകടം 58 ലക്ഷം കോടിയായിരുന്നത് ഇന്ന് 205 ലക്ഷം കോടിയായി ഉയർന്നിരിക്കുന്നു.
- 19 ലക്ഷം കമ്പനികളിൽ 7 ലക്ഷവും പൂട്ടിപോയി എന്ന് വിലപിക്കുന്ന സർക്കാർ വികസനത്തെ പാടിപുകഴ്ത്തുന്നു.
- സ്വദേശ–വിദേശ സ്വകാര്യ കോർപ്പറേറ്റുകൾ ആരംഭിച്ച 44 വിമാന കമ്പനികളിൽ 37 ഉം അടച്ചുപൂട്ടി. 20 മൊബൈൽ കമ്പനികളിൽ 16 ഉം അടച്ചുപൂട്ടി. 44 ടെലിവിഷൻ ചാനലുകൾ അടച്ചുപൂട്ടിയിരിക്കുന്നു. 100 കണക്കിന് വിദേശ ഇൻഷ്വറൻസ് കമ്പനികൾ അടച്ചുപൂട്ടി ജനങ്ങളെ കൊള്ളയടിച്ച് രാജ്യം വിട്ടിരിക്കുന്നു. ഇതെല്ലാം കണ്ടിട്ടും സ്വകാര്യവൽക്കരണത്തിന് പിന്നാലെയാണ് ഭരണകൂടം.
- ഇത് ആപത്കരമാണ്. നെഹ്റുവിന്റെ സമ്മിശ്ര സമ്പദ്വ്യവസ്ഥയാണ് (ഫാബിയൻ സോഷ്യലിസം) 143 കോടി ജനങ്ങളുള്ള രാജ്യത്തിന് ആവശ്യം.
- സഹസ്രകോടികൾ തട്ടിപ്പ് നടത്തിയ വിജയ് മല്ല്യ, രാജ്കുന്ദ്ര, നീരവ് മോദി, ലളിത് മോദി, മെഹുൽ ചോക്സി, ബി.ആർ. ഷെട്ടി, രാമലിംഗ രാജു, സുബ്രതാ റോയ്, അനിൽ അംബാനി ഉൾപ്പെടെ നൂറ് കണക്കിന് കോടീശ്വരൻമാരുടെ തകർച്ചയും, ഒളിച്ചോട്ടവും നടക്കുമ്പോൾ സർക്കാർ നിസ്സംഗതരായി നിന്നു.
- 2013 ൽ ഒരു ലിറ്റർ പെട്രോൾ വില 76 രൂപാ ഇന്ന് 110 രൂപാ.
- നിത്യോപയോഗ സാധനങ്ങളുടെയും മരുന്നിന്റെയും വിലക്കയറ്റം മൂന്നിരട്ടിയായി വർദ്ധിച്ചു.
- ILO യുടെയും, ഹ്യൂമൻ റിസോർസസ് ഡെവലപ്പ്മെന്റിന്റെയും പഠനപ്രകാരം തൊഴിലില്ലായ്മ 82 ശതമാനമായി ഉയർന്നു.
- ജോലികളെല്ലാം പഴയ കങ്കാണി സമ്പ്രദായത്തിൽ കരാർവൽക്കരിച്ചിരിക്കുന്നു. ഇതുമൂലം നിയമന റിസർവ്വേഷൻ ആനുകൂല്യം ഇല്ലാതായി. തൊഴിലാളികളെ അടിമകൾക്ക് തുല്ല്യമാക്കി.
- 29 അടിസ്ഥാന തൊഴിലാളി സംരക്ഷണ നിയമങ്ങൾ റദ്ദ് ചെയ്തു.
- പകരം സമ്പന്ന കോർപ്പറേറ്റുകൾ നിർദ്ദേശിച്ച തൊഴിലാളി വിരുദ്ധ വ്യവസ്ഥകൾ ഉൾപ്പെടുത്തി 4 പുതിയ ലേബർകോഡുകൾ പാസ്സാക്കിയിരിക്കുന്നു.
- ആർക്കും അംഗീകരിക്കാൻ കഴിയാത്ത ദേശീയ മിനിമം ഫ്ളോർ വേജ് നടപ്പാക്കി തൊഴിലാളികളെ പട്ടിണിയിലേയ്ക്ക് തള്ളിവിട്ടു. 2018 മുതലുള്ള ഈ പുതിയ പ്രതിദിന തറവേതനം 178 രൂപ മാത്രമാണ്.
- നിയമപ്രകാരം 100 ദിവസത്തെ തൊഴിലുറപ്പ് ജോലി ശരാശരി 50 ദിവസം മാത്രമായി ബോധപൂർവ്വം ചുരുക്കി.
- തൊഴിലുറപ്പ് തൊഴിലാളികൾ ആധാർ ലിങ്ക് ചെയ്തില്ല എന്നതിന്റെ പേരിൽ 12 കോടി കുടുംബങ്ങളുടെ കാർഡ് നീക്കം ചെയ്ത് തൊഴിൽ നിഷേധിച്ചു.

- ജോലിസ്ഥലത്ത് നിന്ന് കിലോമീറ്ററുകൾ ദൂരെയുള്ള അംഗനവാടികളിൽ പോയി തൊഴിലുറപ്പ് തൊഴിലാളികൾ ഹാജർ രേഖപ്പെടുത്തി ഫോട്ടോ എടുത്ത് അപ്‌ലോഡ് ചെയ്യണമെന്ന പ്രാകൃത വ്യവസ്ഥ നടപ്പിലാക്കി തൊഴിലാളികളെ ദ്രോഹിച്ചു.
- 10 മഹാരത്ന കമ്പനികൾ, 14 നവരത്ന കമ്പനികൾ, 78 മിനിരത്ന കമ്പനികൾ ഉൾപ്പെടെ നെഹ്റുവും, ഇന്ദിരാഗാന്ധിയും സ്ഥാപിച്ച 292 കേന്ദ്ര പൊതുമേഖലകൾ തുച്ഛമായ വിലയ്ക്ക് സ്വകാര്യമേഖലയ്ക്ക് വിൽക്കാൻ തീരുമാനിച്ചിരിക്കുന്നു. പലതും വിറ്റു.
- പൊൻമുട്ടയിടുന്ന താറാവെന്ന് വിശേഷിപ്പിക്കപ്പെടുന്ന LIC യും വിദേശ-സ്വദേശ കമ്പനികൾക്ക് വിൽക്കുന്നു.
- പൊതുമേഖലാ ബാങ്കുകൾ സ്വകാര്യമേഖലയ്ക്ക് വിൽക്കുന്നു.
- ഇന്ത്യൻ റെയിൽവെ, വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ, ദേശീയ പാതകൾ, യൂണിവേഴ്സിറ്റികൾ, ഗവേഷണ സ്ഥാപനങ്ങൾ, ബഹിരാകാശ ഗവേഷണ സ്ഥാപനം ഉൾപ്പെടെ എല്ലാം വിൽക്കുവാനായി ''നീതി ആയോഗ്'' എന്ന പൊതുമേഖലയുടെ ആരാച്ചാർ കൊലകയറുമായി പ്രവർത്തിക്കുന്നു.
- സ്ഥിരം ജോലി ഇല്ലാതാക്കി. ഇതുമൂലം തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി ഇല്ലാതായി.
- ESI ശമ്പളപരിധി ഉയർത്താതെ തൊഴിലാളികൾക്ക് ESI ആനുകൂല്യം നിഷേധിച്ചിരിക്കുന്നു.
- EPF ശമ്പളപരിധി ഉയർത്താതെ EPF ആനുകൂല്യവും തൊഴിലാളികൾക്ക് നഷ്ടപ്പെടുത്തി.
- EPF പെൻഷൻ സുപ്രീംകോടതി വിധിച്ചതുപോലും നൽകുന്നില്ല. വീണ്ടും സർക്കാർ കേസ്സിന് പോകുന്നു.
- EPF പെൻഷൻ പ്രതിമാസം 9000 രൂപയാക്കണമെന്ന ആവശ്യം സർക്കാർ തള്ളിക്കളഞ്ഞിരിക്കുന്നു.
- ബോണസ്സ് ശമ്പളപരിധി ഉയർത്താതെ തൊഴിലാളികൾക്ക് ബോണസ്സ് ഇല്ലായ്മ ചെയ്തു.
- തൊഴിലാളികളുടെ കൂലി തറവേതനമായി (FLOOR WAGE) പുതിയ വേജ് കോഡിലൂടെ നടപ്പാക്കുന്നു.
- ആശ, അംഗനവാടി, നാഷണൽ ഹെൽത്ത് മിഷൻ, പാലിയേറ്റീവ് കെയർ, സ്കൂൾ പാചകതൊഴിലാളികൾ എന്നിവരെ സ്ഥിരപ്പെടുത്തുന്നില്ല എന്നുമാത്രമല്ല ഈ തൊഴിലാളികളെ അടിമകൾക്ക് സമാനമായി പീഢിപ്പിക്കുന്നു. കോടതി നിർദ്ദേശിച്ച ആനുകൂല്യങ്ങൾ പോലും ഇവർക്ക് നടപ്പാക്കുന്നില്ല.
- ഐക്യരാഷ്ട്ര സഭയിലും, ILO യിലും ഇൻഡ്യകൂടി അംഗീകരിച്ച മാന്യമായ ജോലിയും (Decent Job), ജീവിക്കാനാവശ്യമായ വേതനവും (Living Wage) തൊഴിലാളികൾക്ക് ഇവിടെ നിഷേധിക്കുന്നു.

- പട്ടാളസേവന ജോലി പോലും 4 വർഷമാക്കി ചുരുക്കി ആനുകൂല്യങ്ങൾ നിഷേധിക്കുന്നു.
- എല്ലാവരെയും ബാങ്ക് അക്കൗണ്ടിൽ ഉൾപ്പെടുത്തി വ്യക്തിവിവരങ്ങളെല്ലാം ബാങ്കുവഴി ചോർത്തി എടുത്തിരിക്കുന്നു. ഈ വിവരങ്ങൾ ലേലത്തിന് വച്ച് ഇടനിലക്കാർ കോടികൾ സമ്പാദിക്കുന്നു.
- ബാങ്കിൽ മിനിമം ബാലൻസ് ഇല്ലെങ്കിൽ പിഴ. ഈ ഇനത്തിൽ തൊഴിലാളികളിൽ നിന്നും സാധാരണക്കാരിൽ നിന്നും 7000 കോടി ബാങ്കുകൾ കൊള്ളയടിച്ചു.
  ആധാർ ഇല്ലെങ്കിൽ പിഴ - പാൻകാർഡ് ഇല്ലെങ്കിൽ പിഴ ആകെ 58 ഇനങ്ങൾക്ക് പിഴയും സേവന നികുതിയും ബാങ്കുകൾ ഈടാക്കുന്നു.
- ആധാറും പാനും ബാങ്കിൽ നൽകിയില്ലെങ്കിൽ പിഴ മാത്രമല്ല ആനുകൂല്യങ്ങളും നിഷേധിക്കപ്പെടുന്നു.
- കള്ളപ്പണം പിടിക്കാൻ എന്നപേരിൽ 500, 1000 നോട്ടുകൾ റദ്ദ് ചെയ്തു. ഒരു കള്ളപ്പണവും പിടിച്ചില്ല.
- കള്ളപ്പണം ഉണ്ടായിരുന്നവർക്ക് മുൻകൂട്ടി വിവരം ലഭിച്ചതിനാൽ അവർ തങ്ങളുടെ കള്ളപ്പണം മറ്റ് നിക്ഷേപങ്ങളാക്കി മാറ്റി.
- നോട്ട് നിരോധനത്തിന്റെ പേരിൽ 78 പേർ ക്യൂനിന്ന് മരണപ്പെട്ടു.
- വിവാഹം, ഭൂമിക്കച്ചവടം, ചിട്ടിലേലങ്ങൾ എല്ലാം മുടങ്ങി. പലർക്കും ആത്മഹത്യ ചെയ്യേണ്ടിവന്നു.
- അശാസ്ത്രീയ ജി.എസ്.ടി സമ്പ്രദായം വ്യവസായ വാണിജ്യ മേഖലകളെ മുരടിപ്പിച്ചു.
- കോവിഡ് കാലത്ത് പെട്ടെന്ന് പ്രഖ്യാപിച്ച ലോക്ഡൗൺ മൂലം ആയിരക്കണക്കിന് ഇതര സംസ്ഥാന തൊഴിലാളികളും കുഞ്ഞുങ്ങൾ അടങ്ങുന്ന കുടുംബങ്ങളും റെയിൽവേ പാളങ്ങളിലും റോഡിലും പാതയോരങ്ങളിലും വെള്ളവും ആഹാരവും ലഭിക്കാതെ പിടിഞ്ഞ് വീണ് മരണപ്പെട്ടു.
- 20 ലക്ഷം കോടിയുടെ കോവിഡ് ധനസഹായം വൻകിട കോർപ്പറേറ്റുകൾക്ക് മാത്രം നൽകി. ഒരു രൂപ പോലും തൊഴിലാളികൾക്ക് നൽകിയില്ല.
- അമേരിക്കൻ പ്രസിഡന്റ് സഞ്ചരിക്കുന്നതുപോലെ പ്രധാനമന്ത്രിക്ക് യാത്ര ചെയ്യാൻ 8458 കോടി രൂപ മുടക്കിൽ എയർ ഇൻഡ്യ 1 എന്ന 2 വിമാനം അമേരിക്കയിൽ നിന്ന് വാങ്ങി ജനത്തിന്റെ പണം ധൂർത്തടിച്ചു.
- രാജ ദുർഭരണത്തെ ഓർമ്മിപ്പിക്കും വിധം 3600 കോടി മുടക്കി മഹാരാഷ്ട്രയിൽ ശിവജി പ്രതിമയും, 3000 കോടി മുടക്കി ഗുജറാത്തിൽ പട്ടേൽ പ്രതിമയും ഉൾപ്പെടെ നിരവധി പ്രതിമകൾ നിർമ്മിച്ച് ജനങ്ങളുടെ പണം ദുർവിനിയോഗം ചെയ്തു.
- കർഷകരുടെ വരുമാനം ഇരട്ടിയാക്കുമെന്ന് വാഗ്ദാനം ചെയ്തവർ 3 കർഷകദ്രോഹ ബില്ലുകൾ പാസ്സാക്കി.
- ഇതിനെതിരെ സമരം ചെയ്ത കർഷകർക്കും തൊഴിലാളികൾക്കും എതിരെ ക്രൂരമർദ്ദനങ്ങൾ അഴിച്ചുവിട്ടു.

- നാഷണൽ ക്രൈം റിക്കാർഡ് ബ്യൂറോയുടെ കണക്ക് പ്രകാരം പതിനായിരക്കണക്കിന് കർഷകരും കർഷക തൊഴിലാളികളുമാണ് ഈ 10 വർഷത്തിനിടയിൽ ആത്മഹത്യയ്ക്ക് വിധേയരായത്.
- സമരത്തിന് മുമ്പിൽ കീഴടങ്ങി ബില്ലുകൾ പിൻവലിച്ചെങ്കിലും കർഷക-കർഷകതൊഴിലാളി ദ്രോഹം ഇപ്പോഴും ശക്തമായ രീതിയിൽ തുടരുന്നു.
- തൊഴിലാളികളുടെ ഭരണഘടനാ അവകാശമായ ട്രേഡ് യൂണിയനുകൾക്കും, സമരങ്ങൾക്കും നടവിലങ്ങും കൂച്ചുവിലങ്ങും ഇട്ട് ജനാധിപത്യ അവകാശം നിരോധിച്ചിരിക്കുന്നു.
- തൊഴിലാളി – തൊഴിലുടമ – സർക്കാർ പ്രതിനിധികളുടെ തൊഴിലാളി പാർലമെന്റ് എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഇൻഡ്യൻ ലേബർ കോൺഫറൻസ് പൂർണ്ണമായും നിർത്തലാക്കി.
- ഗാന്ധി-നെഹ്റു മുക്തഭാരതം എന്ന മുദ്രാവാക്യത്തിന്റെ പേരിൽ ഗാന്ധിജിയും, നെഹ്റുവും, വല്ലഭ ഭായ് പട്ടേലും സ്ഥാപിച്ച രാജ്യത്തെ ഏറ്റവും വലിയ തൊഴിലാളി സംഘടനയായ ഐ.എൻ.റ്റി.യു.സി.യെ ജനാധിപത്യ വിരുദ്ധമായി സർക്കാർ അവഗണിക്കുന്നു. ചർച്ചയിൽ പങ്കെടുപ്പിക്കുന്നില്ല.
- ED, ഇൻകം ടാക്സ്, CBI, NIA തുടങ്ങിയ അന്വേഷണ ഏജൻസികൾ തലങ്ങും വിലങ്ങും ജനങ്ങൾക്ക് മേൽ ഭീഷണി ഉയർത്തുന്നു. ഭരണകൂട വിമർശകരെയെല്ലാം ജയിലിലിടയ്ക്കുന്നു.
- ഈ തൊഴിലാളി കർഷക ജനവിരുദ്ധ നടപടികൾക്ക് ജാതി-മത-വർഗ്ഗ-വിശ്വാസ ആചാരപ്രചരണങ്ങൾ കൊണ്ട് മറകെട്ടുന്നു.
- 1905 ൽ ബംഗാൾ വിഭജനത്തിലൂടെ ബ്രിട്ടീഷുകാർ ഹിന്ദു-മുസ്ലീം വർഗ്ഗീയ വിഷം കുത്തിവെച്ച് ജനങ്ങളെ തമ്മിലടിപ്പിച്ചപോലെ നിലവിലെ ഭരണകൂടം മണിപ്പൂർ, ജമ്മു കാശ്മീർ, പൗരത്വനിയമ ഭേദഗതി, മുത്തലാഖ്, ബീഫ് എന്നീ വിഷയങ്ങൾ ഉയർത്തി ജനങ്ങളെ തമ്മിലടിപ്പിക്കുന്നു.

10 വർഷത്തെ ബി.ജെ.പി ഭരണം ഈ വിധത്തിൽ തൊഴിലാളി ജനദ്രോഹപരമാണെങ്കിൽ കഴിഞ്ഞ 8 വർഷത്തെ കേരളത്തിലെ LDF ഭരണവും വ്യത്യസ്തമല്ല. കൊല്ലുന്ന രാജാവിന് തിന്നുന്ന മന്ത്രി എന്ന രീതിയിലാണ് സംസ്ഥാന ഭരണം. തൊഴിലാളികൾക്ക് ജോലിയില്ല കൂലിയില്ല. 4.5 ലക്ഷം കോടിയുടെ കടം വാരിക്കൂട്ടിയ സർക്കാർ ശമ്പളവും പെൻഷനും പോലും അനിശ്ചിതത്വത്തിലാക്കിയിരിക്കുന്നു. തൊഴിലാളി ക്ഷേമനിധി പെൻഷനുകളും ആനുകൂല്യങ്ങളും മാസങ്ങളും വർഷങ്ങളും ആയി കുടിശ്ശികയാണ്. സാമൂഹ്യക്ഷേമ പെൻഷനുകളുടെ അവസ്ഥയും വ്യത്യസ്തമല്ല. തൊഴിലാളികളുടെ ആശ്രയകേന്ദ്രമായ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിപണി നിശ്ചലമാക്കിയിരിക്കുന്നു. വിവിധ മേഖലകളിൽ സർക്കാർ പ്രഖ്യാപിക്കുന്ന മിനിമം വേതനം പോലും നടപ്പാക്കാനുള്ള ഇച്ഛാശക്തി സർക്കാർ കാണിക്കുന്നില്ല. KSRTC, KSEB, വാട്ടർ അതോറിറ്റി, ഹൗസിംഗ് ബോർഡ് തുടങ്ങിയ പൊതുമേഖലകൾ സ്വകാര്യവൽക്കരണത്തിന്റെ പണിപ്പുരയിലാണ്. സർക്കാരിലും, പൊതുമേഖലാ സ്ഥാപനങ്ങളിലും തൊഴിൽ കരാർവൽക്കരണം വ്യാപകമാക്കിയിരിക്കുന്നു. പൂച്ച കറുത്തതോ വെളുത്തതോ എന്ന് നോക്കണ്ട

എലിയെ പിടിക്കുന്നുണ്ടോ എന്ന് നോക്കിയാൽ മതിയെന്ന 1978 ലെ ചൈനീസ് ഭരണാധികാരി സഖാവ് ഡെഗ്സിയാവോ പിംഗിന്റെ നയത്തിൽ അധിഷ്ടിതമാണ് കേരള ഭരണം.

അധികാര ദുർഭരണത്തിന്റെ മുഖമുദ്രയായ അഴിമതി ആരോപണങ്ങളുടെ ശരശയ്യയിലാണ് കേരളത്തിലെ ഇടതുപക്ഷ സർക്കാർ. ഇതിനെതിരെ പ്രതിഷേധിക്കുന്നവർക്കെതിരെ കേസ്സും, അറസ്റ്റും, അന്വേഷണവും കൊണ്ട് പുകമറ സൃഷ്ടിക്കുന്നു. തൊഴിലാളി സമരങ്ങൾക്ക് പോലും കേസ്സുകൾ ചാർജ്ജ് ചെയ്ത് വൻതുകകൾ പിഴയായി ഈടാക്കുന്നു. ഇത്രമാത്രം ജനങ്ങളുടെ എതിർപ്പും പ്രതിഷേധവും ഏറ്റുവാങ്ങിയ ഒരു സർക്കാർ സംസ്ഥാനത്ത് ഉണ്ടായിട്ടില്ല. അതിനാൽ ഈ തൊഴിലാളിവിരുദ്ധ സർക്കാരിനെതിരെയുള്ള താക്കീതും, മുന്നറിയിപ്പും കൂടിയായി ഈ തിരഞ്ഞെടുപ്പിൽ നമ്മൾ വിധിയെഴുതണം.

ഇതാണ് ഇൻഡ്യയുടെയും സംസ്ഥാനത്തിന്റെയും ഇന്നത്തെ പൊതുസ്ഥിതി. ഇതിനെതിരെ ഓരോ പൗരന്റെയും പ്രത്യേകിച്ച് തൊഴിലാളികളുടെ ജനാധിപത്യ അധികാരം വോട്ടെടുപ്പിലൂടെ വിനിയോഗിച്ച് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് നേതൃത്വം നൽകുന്ന ഐക്യജനാധിപത്യ മുന്നണി സ്ഥാനാർത്ഥികളെ വിജയിപ്പിക്കണമെന്ന് വിനയപുരസ്സരം അഭ്യർത്ഥിക്കുന്നു.

************

തിരുവനന്തപുരം
08.04.2024